# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 607** **12.06.2012- ൽ മറുപടിക്ക്**

**പരമ്പരാഗത കൈത്തറി തൊഴിൽ മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.രാധാകൃഷ്ണൻ** | **ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) പരമ്പരാഗത കൈത്തറി തൊഴിൽ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) 1. അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്നു.<br>2. നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുന്നു.<br>3. ഹാൻടെക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് 20% റിബേറ്റും കൈത്തറി തുണികളുടെ വിൽപ്പനയ്ക്ക് 10% മാർക്കറ്റിംഗ് ഇൻസെന്റീവും നൽകുന്നു. (5% സംസ്ഥാന സർക്കാരും ബാക്കി 5% കേന്ദ്രവും വഹിക്കുന്നു).<br>4. വിഷു, ഓണം, ക്രിസ്തുമസ് തുടങ്ങിയ ഉത്സവകാലത്തോടനുബന്ധിച്ച് ജില്ലതോറും കൈത്തറി പ്രദർശനങ്ങൾ, വിൽപ്പന മേളകൾ എന്നിവ സംഘടിപ്പിക്കുന്നു.<br>5. കയറ്റുമതി പ്രോത്സാഹിപ്പിക്കാൻ സബ്സിഡി നൽകി വരുന്നു.<br>6. കൈത്തറി നെയ്ത്തുകാർക്ക് വേണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.<br>7. എൽ.ഐ.സി യും കേന്ദ്രഗവൺമെന്റും/സംസ്ഥാന ഗവൺമെന്റും ചേർന്ന് കൈത്തറി നെയ്ത്തുകാർക്കായി എം.ജി.ബി.ബി.വൈ എന്ന ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു. |

8. ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് സഹായം നൽകുന്നു.
9. കൈത്തറി നെയ്ത്തുകാർക്ക് കഴിനൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായവിലയ്ക്ക് യഥാസമയം ലഭിയ്ക്കുന്നതിനായി ഏഴ് യാൺ ബാങ്കുകൾ പ്രവർത്തിച്ചു വരുന്നു.
10. കേന്ദ്ര ഗവൺമെന്റിന്റെ ക്ളസ്റ്റർ വികസന പദ്ധതിയും ഗ്രൂപ്പ് അപ്രോച്ച് പദ്ധതിയും നടപ്പിലാക്കി വരുന്നു.
11. കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണം നടത്തിവരുന്നു.
12. പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം നൽകുന്നു.
13. മിനിപ്രീലൂം പ്രോസസിംഗ് സെന്റർ സ്ഥാപിക്കുന്നതിന് പ്രോജക്ട് ചെലവിന്റെ 60% പ്രത്യേക ഓഹരി പങ്കാളിത്തമായി പരമാവധി 3 ലക്ഷം രൂപ വരെ നൽകുന്നു. കൈത്തറി നെയ്ത്ത് സംഘങ്ങൾക്കും ഫാക്ടറി ടൈപ്പ് സംഘങ്ങൾക്കും പ്രീലൂംപ്രോസസിംഗിൽ ഭാഗിക യന്ത്രവത്ക്കരണത്തിന് 100% ഗ്രാന്റ്, പരമാവധി 1,00,000 രൂപ നൽകുന്നു.
14. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിന് പരിശീലനം നൽകുന്നു.
15. അംശദാന മിതവ്യയ പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് സമ്പാദ്യ പദ്ധതി നടപ്പിലാക്കുന്നു.
16. കൈത്തറി തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നു.
17. ഫാക്ടറിയേതര സൊസൈറ്റികളിലെ നെയ്ത്തുകാർക്ക് തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഗ്രാന്റ് നൽകുന്നു.

| | | | |
|---|---|---|---|
| | | | 18. ആകർഷകമായ ഇൻസെന്റീവുകൾ നൽകി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് നെയ്ത്തുകാരേയും അനുബന്ധതൊഴിലാളികളേയും പ്രവർത്തനോന്മുഖമാക്കുന്നതിന് പ്രചോദന പരിപാടി നടപ്പിലാക്കുന്നു.<br>19. കൈത്തറി പഴമയുടേയും സമ്പന്നമായ പാരമ്പര്യത്തിന്റെയും കലാവൈഭവം പ്രചരിപ്പിക്കുന്നതിനും വ്യവസായത്തിന്റെ ഉന്നമനത്തിനും "കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമത്തിന്റേയും സ്ഥാപനം " എന്ന പദ്ധതി നടപ്പിലാക്കുന്നു.<br>20. കൈത്തറി മേഖലയിൽ "പുനരുദ്ധാരണ പുനരാവിഷ്കൃത പാക്കേജ്" നടപ്പിലാക്കുന്നു. |
| (ബി) | റിബേറ്റ് കുടിശ്ശികയും കൈത്തറി ഉത്പന്നങ്ങൾ വാങ്ങിയ വകയിൽ സംഘങ്ങൾക്ക് നൽകേണ്ട കുടിശ്ശികയും വിതരണം ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | കൈത്തറി ഉത്പന്നങ്ങൾ വാങ്ങിയ വകയിൽ സംഘങ്ങൾക്ക് നൽകേണ്ട കുടിശ്ശിക തുക നൽകുന്നത് ഹാന്റക്സ് മുഖേനയാണ്. 70 ശതമാനം ക്യാഷും 30 ശതമാനം നൂലും കൊടുത്താണ് ഹാന്റക്സ് തുണികൾ സംഭരിച്ചു വരുന്നത്. ആയതുകൊണ്ട് 2006 ന് ശേഷം സംഭരിച്ച തുണികൾക്ക് ഇതുവരെയും കുടിശ്ശിക ഒന്നും ഇല്ല. 2006-ൽ 24 കോടി രൂപ സംഘങ്ങൾക്ക് കൊടുക്കാനുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 17 കോടി മാത്രമാണ് കുടിശ്ശികയിനത്തിൽ ഉള്ളത്. കുടിശ്ശിക കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. |
| (സി) | ചേലക്കര മണ്ഡലത്തിലെ പരമ്പരാഗത കൈത്തറി മേഖലയായ കുത്താമ്പുള്ളിയിൽ പ്രസ്തുത വ്യവസായത്തെ സംരക്ഷിച്ച് നിലനിർത്തുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | കൈത്തറി മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളിൽ കുത്താംപുള്ളി മേഖലയെയും പരിഗണിക്കുന്നതാണ്. |

(signature)

**സെക്ഷൻ ഓഫീസർ**